2024
MARCH
15
FRIDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

# തകർച്ചാ ഭീതിയിൽ ചെറുകിട ഓഹരികൾ: മ്യൂചൽ ഫണ്ടുകൾ നിയന്ത്രണം ഏർപ്പെടുത്തുന്നു

**മുംബൈ:** കനത്ത ഇടിവുണ്ടായേക്കുമെന്ന ഭീതിയിൽ സ്മോൾ ക്യാപ്, മിഡ് ക്യാപ് ഫണ്ടുകളിലേയ്ക്ക് നിക്ഷേപം സ്വീകരിക്കുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തുന്നു. റിട്ടേൺ നോക്കിയുള്ള നിക്ഷേപം വർധിച്ചതോടെ ഈ വിഭാഗം ഫണ്ടുകളിൽ വൻതോതിൽ പണമെത്താൻ തുടങ്ങിയതാണ് കാരണം. ഇതുസംബന്ധിച്ച് സെക്യൂരിറ്റീസ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യയും അസോസിയേഷൻ ഓഫ് മ്യൂചൽ ഫണ്ട്സ് ഇൻ ഇന്ത്യ(ആംഫി)യും മുന്നറിയിപ്പ് നൽകിയിരുന്നു.

വൻതോതിൽ നിക്ഷേപമെത്താൻ തുടങ്ങിയതോടെ ചെറുകിട ഓഹരികളുടെ മൂല്യം ക്രമാതീതമായി ഉയർന്നിരുന്നു. അടിസ്ഥാനം മോശമായ കമ്പനികളുടെ പോലും ഓഹരിവിലയിൽ കുതിപ്പുണ്ടായി. സമീപ ഭാവിയിലെ തകർച്ച മുന്നിൽ കണ്ടാണ് എഎംസികൾ നിക്ഷേപം പരിമിതപ്പെടുത്താൻ തീരുമാനിച്ചത്.




കഴിഞ്ഞ ദിവസത്തെ തകർച്ചയിൽ ചെറുകിട ഓഹരികളിൽ നിക്ഷേപിക്കുന്ന മ്യൂചൽ ഫണ്ട് സ്കീമുകളിൽ ശരാശരി നാല് ശതമാനമാണ് ഇടിവുണ്ടായത്. അതായത് ബുധനാഴ്ചത്തെ വ്യാപാരത്തിൽ നിഫ്റ്റി സ്മോൾ ക്യാപ് സൂചികയ്ക്ക് നഷ്ടമായത് അഞ്ച് ശതമാനത്തിലധികം. മിഡ് ക്യാപ് സൂചിക നാല് ശതമാനം ഇടിഞ്ഞ് 45,971ലുമെത്തി.

ഫെബ്രുവരി 19 മുതലുള്ള കണക്ക് പരിശോധിച്ചാൽ ബിഎസ്ഇ സ്മോൾ ക്യാപ് സൂചികയിലെ 80 ശതമാനത്തിലധികം ഓഹരികളും നെഗറ്റീവ് റിട്ടേണിലാണുള്ളതെന്ന് കാണാം. അതായത് രണ്ടാഴ്ചക്കുള്ളിൽ സ്മോൾ ക്യാപ് സൂചികയിലെ വിപണി മൂല്യത്തിൽ 6.6 ലക്ഷം കോടി രൂപ അപ്രത്യക്ഷമായി. ഈ വർഷം തുടക്കം മുതലുള്ള റിട്ടേൺ പരിശോധിക്കുകയാണെങ്കിൽ ബിഎസ്ഇ സ്മോൾ ക്യാപ് സൂചിക എക്കാലത്തെയും ഉയർന്ന നിലവാരത്തിൽനിന്ന് 12 ശതമാനത്തിലധികം ഇടിഞ്ഞതായി കാണാം.

കഴിഞ്ഞ വർഷം നിഫ്റ്റി മിഡ് ക്യാപ് 150 സൂചിക 55 ശതമാനമാണ് നേട്ടമുണ്ടാക്കിയത്. നിഫ്റ്റി സ്മോൾ ക്യാപ് സൂചികയാകട്ടെ 59 ശതമാനവും. ഇതേതുടർന്നാണ് ഈ വിഭാഗങ്ങളിലെ മ്യൂചൽ ഫണ്ടുകളിൽ വൻതോതിൽ നിക്ഷേപമെത്താൻ തുടങ്ങിയത്. ഇതോടെ മൊത്തം വിപണി മൂല്യത്തിൽ ചെറുകിടഇടത്തരം ഓഹരികളുടെ വിഹിതം 36.4 ശതമാനമായി ഉയർന്നു. കഴിഞ്ഞ 15 വർഷ ശരാശരിയായ 25.4 ശതമാനത്തേക്കാൾ 10 ശതമാനത്തിലേറെ വർധന.

ചെറുകിടഇടത്തരം ഓഹരികളിൽ നിക്ഷേപിക്കുന്ന മ്യൂചൽ ഫണ്ടുകളിൽ പലതും ഒറ്റത്തവണ(ലംപ്സം)നിക്ഷേപം നിർത്തി. എസ്ഐപി നിക്ഷേപത്തിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.




# പേയ് ടിഎമ്മിന് തേർഡ് പാർട്ടി ആപ്പ് ലൈസൻസ്: ആപ്പ് ഇടപാടുകൾ തുടരാം

**ന്യൂഡൽഹി:** പേയ് ടിഎമ്മിന് തേർഡ് പാർട്ടി ആപ്ലിക്കേഷൻ പ്രൊവൈഡർ ലൈസൻസ് അനുവദിച്ചു. ഇതോടെ ഉപയോക്താക്കൾക്ക് യുപിഐയിലൂടെ പേയ് ടിഎം ആപ്പ് ഉപയോഗിച്ച് ഇടപാടുകൾ നടത്താനാകുമെന്നാണു റിപ്പോർട്ട്.

പേയ് ടിഎം പേയ്മെന്റ്സ് ബാങ്ക് അക്കൗണ്ടുകൾ വഴിയുള്ള നിക്ഷേപങ്ങൾ സ്വീകരിക്കൽ, ക്രെഡിറ്റ് ഇടപാടുകൾ എന്നിവയ്ക്കുമേൽ റിസർവ് ബാങ്ക് ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ വെള്ളിയാഴ്ച പ്രാബല്യത്തിൽ വരാനിരിക്കെയാണ് നടപടി. ആക്സിസ് ബാങ്ക്, എച്ച്ഡിഎഫ്സി ബാങ്ക്, എസ്ബിഐ, യെസ് ബാങ്ക് എന്നിവ പേയ് ടിഎമ്മിന്റെ പേയ്മെന്റ് സിസ്റ്റം പ്രൊവൈഡർ ബാങ്കുകളായി പ്രവർത്തിക്കുമെന്ന് നാഷണൽ പേയ്മെന്റ്സ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (എൻപിസിഐ) അറിയിച്ചു. ജനുവരി 31നാണ് ഗുരുതര ചട്ടലംഘനം ചൂണ്ടിക്കാണിച്ച് പേയ് ടിഎം ബാങ്കിന് ആർബിഐ താഴിട്ടത്. മറ്റു ബാങ്ക് അക്കൗണ്ടുകൾ തിരഞ്ഞെടുത്തില്ലെങ്കിൽ പേയ് ടിഎം ബാങ്കുമായി ബന്ധിപ്പിച്ചിട്ടുള്ള ഡീമാറ്റ് അക്കൗണ്ടിലൂടെ ഇടപാടു നടത്താനാവില്ലെന്നു ബോംബെ സ്റ്റോക്ക് എക്സ്ചേഞ്ചും മുന്നറിയിപ്പു നൽകിയിട്ടുണ്ട്.



# രാജ്യത്ത് പെട്രോളിനും ഡീസലിനും വില കുറച്ചു

**ന്യൂഡൽഹി:** രാജ്യത്ത് ഇന്ധനവില കുറച്ചു. പെട്രോളിനും ഡീസലിനും ലീറ്ററിന് രണ്ടു രൂപ വീതമാണ് കുറച്ചത്. ലോക്സഭാ തിരഞ്ഞെടുപ്പ് അടുത്തിരിക്കെയാണ് സർക്കാരിന്റെ പ്രഖ്യാപനം. പുതുക്കിയ വില നാളെ രാവിലെ ആറു മുതൽ പ്രാബല്യത്തിൽ വരും. ഇന്ധനവില രണ്ടു രൂപ കുറയ്ക്കുക വഴി പ്രധാനമന്ത്രി മോദി രാജ്യത്തെ രണ്ടര കോടി ജനങ്ങളുടെ ക്ഷേമമമാണ് ലക്ഷ്യംവയ്ക്കുന്നതെന്ന് ഒരിക്കൽ കൂടി തെളിഞ്ഞിരിക്കുന്നു എന്ന് പെട്രോളിയം മന്ത്രി ഹർദീപ് സിങ് പുരി എക്സിൽ കുറിച്ചു.

ലോക്സഭാ തിരഞ്ഞെടുപ്പിനു മുന്നോടിയായി ഗാർഹിക പാചകവാതക സിലിണ്ടറിന് (14.2 കിലോ) കേന്ദ്ര സർക്കാർ 100 രൂപ കുറച്ചു. വനിതാ ദിനത്തിലാണ് ഇതു സംബന്ധിച്ച പ്രഖ്യാപനം പ്രധാനമന്ത്രി നരേന്ദ്ര മോദി നടത്തിയത്.

# മൊബൈൽ ഫോൺ നിർമാണത്തിൽ ഇന്ത്യക്ക് രണ്ടാം സ്ഥാനം



**ന്യൂഡൽഹി:** കഴിഞ്ഞ ഒരു ദശാബ്ദത്തിനുള്ളിൽ ലോകത്തെ വലിയ രണ്ടാമത്തെ മൊബൈൽ ഉത്പാദക രാജ്യമായി ഇന്ത്യ മാറി. ഇന്ത്യയുടെ വ്യക്തിഗത ചരക്കു കയറ്റുമതിയിലെ അഞ്ചാമത്തെ വലിയ ചരക്കായി മൈബൈൽ ഫോണുകൾ മാറിയെന്ന് മാത്രമല്ല, രാജ്യത്ത് വിൽക്കുന്ന മൊബൈൽ ഫോണുകളിൽ 97% ഇപ്പോൾ നിർമിക്കുന്നത് ഇന്ത്യയിലാണ്. കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ മൊബൈൽ നിർമാണ രംഗത്ത് രാജ്യം 20 ഇരട്ടി വളർച്ച കൈവരിച്ചതായി ഇന്ത്യ സെല്ലുലാർ ആൻഡ് ഇലക്ട്രോണിക്സ് അസോസിയേറിയൻറെ (ഐ.സി.ഇ.എ) എന്ന കണക്കുകളും വ്യക്തമാക്കുന്നു. ഉത്പാദന ബന്ധിത ആനുകൂല്യ പദ്ധതികളും കേന്ദ്ര ഗവൺമെൻറിൻറെ വിവിധ മന്ത്രാലയങ്ങൾ വ്യവസായങ്ങളുമായി ചേർന്നുപ്രവർത്തിച്ചതുമാണ് സമാനതകളില്ലാത്ത ഈ വിജഗാഥയ്ക്ക് വഴിവച്ചത്.

2014ൽ രാജ്യത്ത് വിറ്റിരുന്ന മൊബൈൽ ഫോണുകളിൽ 78 ശതമാനവും ഇറക്കുമതി ചെയ്തവയായിരുന്നെങ്കിൽ ഇന്ന് 97 ശതമാനം മൊബൈൽ ഫോണുകളും ഇന്ത്യയിലാണ് നിർമിക്കുന്നത്. ഐ.സി.ഇ.എ യുടെ കണക്കുപ്രകാരം 201415 കാലത്ത് ഇന്ത്യയിലെ മൊബൈൽ ഫോണിൻറെ ഉത്പാദന മൂല്യം 18,900 കോടി രൂപയായിരുന്നത് 2024 സാമ്പത്തികവർഷത്തിൽ 20 മടങ്ങ് വർദ്ധിച്ച് 4.10 ലക്ഷം കോടി രൂപയിലെത്തി. മൊത്തം കണക്കെടുത്താൽ കഴിഞ്ഞ 10 വർഷത്തിനിടെ ഇന്ത്യയിൽ 245 കോടിയിലധികം മൊബൈൽ ഫോൺ സെറ്റുകളാണ് നിർമിക്കപ്പെട്ടിട്ടുള്ളത്.





## ഫെഫ്ക തൊഴിലാളി സംഗമം: സ്വാഗത സംഘം ഓഫിസ് ഉദ്ഘാടനം ചെയ്തു

**കൊച്ചി:** ഫെഫ്ക അംഗങ്ങൾക്കായി നടത്താനുദേശിക്കുന്ന ആരോഗ്യ സുരക്ഷാ പദ്ധതി ദേശീയ മാതൃകയാകുമെന്ന് മന്ത്രി പി. രാജീവ്. ഈ ആശയംഒരു വൻ വിജയമാകും എന്ന കാര്യത്തിൽ സംശയമില്ലെന്നും മന്ത്രി അഭിപ്രായപ്പെട്ടു ഫെഫ്ക തൊഴിലാളി സംഗമത്തിന്റെ സ്വാഗത സംഘം ഓഫീസ് ഉദ്ഘാടം ചെയ്യുകയായിരുന്നു അദ്ദേഹം.

നന്മയുള്ള ഈ പദ്ധതിക്ക് എല്ലാ വിജയാശംസകളും ഉണ്ടാകട്ടെ എന്ന് ഹൈബി ഈഡൻ എംപി പറഞ്ഞു. ആസ്ഥാന മന്ദിരത്തെക്കാൾ അംഗങ്ങളുടെ ആരോഗ്യത്തിന് ആണ് സംഘടന ശ്രമിച്ചതെന്ന് ബി ഉണ്ണികൃഷ്ണൻ പറഞ്ഞു . ഫെഫ്ക വർക്കിംഗ് സെക്രട്ടറി സോഹൻ സിനുലാൽ സംവിധായകരനായ സിബി മലയിൽ,ഷാജി കൈലാസ്, പത്മകുമാർ, ജോസ് തോമസ്, മെക്കാർട്ടിൽ തുടങ്ങിയവരും എസ് എൻ സ്വാമി, എ കെ സാജൻ,ബാലചന്ദ്രൻ ചുള്ളിക്കാട്, ജിനു ഏബ്രഹാം സലാം ബാപ്പു, ബെന്നി പിനായരമ്പലം പ്രൊഡ്യൂസേഴ്സ് അസോസിയേഷനെ പ്രതിനിധീകരിച്ച് ആന്റണി പെരുമ്പാവൂർ ലിസ്റ്റിൻ സ്റ്റീഫൻ, സിയാദ് കോക്കർ, സന്ദീപ് സേനൻ എവർ ഷെൻ മണി അമ്മയുടെ സെക്രട്ടറി ഇടവേള ബാബു ' ക്യൂമാക്കിനെ പ്രതിനീധീകരിച്ച് സണ്ണി ജോസഫ്, സുജിത്ത് വാസുദേവ്,കൊല്ലം വിജയകുമാർ ബാവ, ഷിബു സുശീലൻ, രാജേഷ് മാസ്റ്റർ മനോജ് മാസ്റ്റർ, ദേവിക ഷോബി തിലകൻ സതീശ് , ബെന്നി ആർട്ട് ലൈൻ സനൽ കുത്തു പറമ്പ് തുടങ്ങിയവർ പങ്കെടുത്തു

## ആയിരം തൊട്ട് സിയാൽ ബിസിനസ് ജെറ്റ് ടെർമിനൽ

**കൊച്ചി:** കൊച്ചി രാജ്യാന്തര വിമാനത്താവളത്തിലെ ബിസിനസ് ജെറ്റ് ടെർമിനൽ ആയിരം വിമാന സർവീസുകൾ തികച്ചു. പ്രവർത്തനം തുടങ്ങി 14ാം മാസത്തിലാണ് ആയിരം ബിസിനസ് ജെറ്റ് ഓപ്പറേഷൻ എന്ന നേട്ടം സിയാൽ ബിസിനസ് ജെറ്റ് ടെർമിനൽ കൈവരിച്ചത്.




കൊച്ചി വിമാനത്താവളത്തിന്റെ രണ്ടാം ടെർമിനലിൽ 40,000 ചതുരശ്രയടി വിസ്തീർണത്തിൽ പണികഴിപ്പിച്ചിട്ടുള്ള ബിസിനസ് ജെറ്റ് ടെർമിനൽ രാജ്യത്തെ ഏറ്റവും ആധുനികവും ആഢംബരം നിറഞ്ഞതുമാണ്. പറക്കാം പ്രൗഢിയോടെ എന്ന ടാഗ് ലൈനുമായി അവതരിപ്പിക്കപ്പെട്ട ബിസിനസ് ജെറ്റ് ടെർമിനൽ അതിവേഗം ദേശീയ ശ്രദ്ധയാകർഷിച്ചു. ' എയർക്രാഫ്റ്റ് ഡോർ ടു കാർ ഡോർ ഇൻ 2 മിനിട്സ് ' എന്ന സൗകര്യവും ടെർമിനലിനെ പ്രശസ്തമാക്കി. ചാർട്ടർ വിമാനത്തിൽ ഇവിടെയെത്തുന്ന യാത്രക്കാർക്ക് രണ്ടുമിനിട്ടിൽ എയർക്രാഫ്റ്റിൽ നിന്ന് സ്വന്തം കാറിലേയ്ക്കെത്താം എന്നതാണ് ഈ സവിശേഷത.

രാജ്യാന്തര യാത്രക്കാർക്കായി പ്രത്യേക കസ്റ്റംസ്, ഇമിഗ്രേഷൻ കൗണ്ടറുകളും ചെറിയൊരു ഡ്യൂട്ടിഫ്രീ ഷോപ്പും സജ്ജമാക്കിയിട്ടുണ്ട്. 2023 ഏപ്രിലിൽ ലക്ഷദ്വീപിൽ നടന്ന ജി.20 യോഗത്തിൽ പങ്കെടുക്കാനായി വിവിധ രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികളുമായി ഒരു ഡസനോളം ചാർട്ടർവിമാനങ്ങൾ ഈ ടെർമിനലിൽ എത്തിയിരുന്നു. 2023 സെപ്റ്റംബറിൽ ചാർട്ടേർഡായി ഒരു ബോയിങ് 737 വിമാനം തന്നെ എത്തി. വിവിധ രാജ്യങ്ങളിൽ നിന്നുള്ള 58 യാത്രക്കാരാണ് പ്രസ്തുത ദിനം സിയാൽ ബിസിനസ് ജെറ്റ് ടെർമിനലിൽ എത്തിയത്.2024ൽ രണ്ടുമാസത്തിനുള്ളിൽ 120 സർവീസുകൾ സിയാൽ ബിസിനസ് ജെറ്റ് ടെർമിനൽ കൈകാര്യം ചെയ്തിട്ടുണ്ട്. ഈ വർഷം സർവീസുകൾ 1200 കടക്കുമെന്നാണ് പ്രതീക്ഷയെന്ന് സിയാൽ മാനേജിങ് ഡയറക്ടർ എസ്. സുഹാസ് പറഞ്ഞു.

# ഡോ.അഗർവാൾസ് ഐ ഹോസ്പിറ്റലിൽ സൗജന്യ ലസിക് മൂല്യനിർണ്ണയ പരിശോധന




**കൊച്ചി:** എറണാകുളം എം ജി റോഡ് മെട്രോ സ്റ്റേഷനു സമീപത്തെ ഡോ. അഗർവാൾസ് ഐ ഹോസ്പിറ്റലിൽ ഏപ്രിൽ 15വരെ സൗജന്യ ലസിക് മൂല്യനിർണയ പരിശോധന നടത്തുന്നു.കാഴ്ചക്കുറവ്, ദൂരക്കാഴ്ച, ആസ്റ്റിഗ്മാറ്റിസം എന്നിവയുടെ ചികിത്സയ്ക്കായി ഇന്ന് വിപണിയിൽ ലഭ്യമായതിൽവച്ച് ഏറ്റവും നൂതന ലേസർ സാങ്കേതികവിദ്യയായ വിഐഎസ് എക്സ് സ്റ്റാർ എസ്4 ആശുപത്രിയിൽ ആരംഭിക്കുന്നതിൻറെ ഭാഗമായിട്ടാണു പരിശോധന ക്യാമ്പ് സംഘടിപ്പിക്കുന്നത്.

രോഗികൾക്ക് ഉയർന്ന കൃത്യതയും ഗ്ലാസ് രഹിത കാഴ്ചയും നൽകുന്ന പിആർകെ/ ലസിക് പോലുള്ള റിഫ്രാക്റ്റീവ് പ്രക്രിയകൾ നടത്താനാണു ഈ ലേസർ സംവിധാനം ഉപയോഗിക്കുന്നത്. അത്യാധുനിക ലേസർ സാങ്കേതിക വിദ്യയുടെ ഉദ്ഘാടനം മേയർ അനിൽകുമാർ നിർവ്വഹിച്ചു. കൗൺസിലർമാരായ പത്മജ എസ്. മേനോൻ, സക്കീർ തമ്മനം എന്നിവർ വിശിഷ്ടാതിഥികളായിരുന്നു.

വിഐഎസ് എക്സ് സ്റ്റാർ എസ്4 ൽ അൾട്രാവയലറ്റ് ലേസറിൻറെ മറ്റൊരു രൂപമായ അന്തർനിർമ്മിത എക്സൈമർ ലേസർ സാങ്കേതികവിദ്യയുണ്ട്. നേത്രചികിത്സയിൽ, കോർണിയൽ ടിഷ്യു റീഷേപ്പ് ചെയ്യുന്നത്തിനാണ് ഇത് ഉപയോഗിക്കുന്നത്. വിഐഎസ്എക്സ് ലേസർ ബീമുകൾ വളരെ കൃത്യതയോടെ വിതരണം ചെയ്യുന്നതു കൂടാതെ പിആർകെ / ലസിക് പോലുള്ള നടപടിക്രമങ്ങളെയും വേവ് ഫ്രണ്ട് ഗൈഡഡ് ലസിക് പോലുള്ള മികച്ച സാങ്കേതിക വിദ്യകളെയും ഇതു പിന്തുണയ്ക്കുന്നു. ഏതാനും നിമിഷങ്ങൾക്കുള്ളിൽ യാതൊരു സഹായവും കൂടാതെ വ്യക്തമായ കാഴ്ച നേടാൻ ഇത് രോഗികളെ പ്രാപ്തരാക്കുമെന്ന് ആശുപത്രി അധികൃതർ വ്യക്തമാക്കി.കോർണിയ ദാനം സുഗമമാക്കുകയും ട്രാൻസ്പ്ലാൻറേഷനായി ഉയർന്ന നിലവാരമുള്ളതും, എളുപ്പത്തിൽ ആക്സസ് ചെയ്യാവുന്നതുമായ കോർണിയൽ ടിഷ്യു നൽകുകയും ചെയ്യുന്ന ആശുപത്രിയുടെ ചെന്നൈ വേവ് ഫ്രണ്ട് സെൻററിലെ കോർണിയൽ ഐ ബാങ്കുമായി സഹകരിച്ച് കേരളത്തിൽ കോർണിയ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയിൽ വിപ്ലവം സൃഷ്ടിക്കാനാണ് ഡോ. അഗർവാൾസ് ഐ ഹോസ്പിറ്റൽ ലക്ഷ്യമിടുന്നതെന്നു കൊച്ചി ഹോസ്പിറ്റലിലെ കൺസൾട്ടൻറ് ഒഫ്താൽമോളജിസ്റ്റ് ആൻറ് കോർണിയ, റിഫ്രാക്റ്റീവ് ആൻഡ് തിമിര സർജൻ ഡോ. സഞ്ജന പി പറഞ്ഞു.

# ഇഫ്താർ, സുഹൂർ ഓഫറുകളുമായി ദുബായ്



**ദുബായ്:** റംസാൻ മാസത്തിൽ മികച്ച ഇഫ്താറിനും സുഹൂറിനും ഓഫറുകളുമായി ദുബായിലെ വിവിധ റസ്റ്റോറന്റുകൾ ഒരുങ്ങിക്കഴിഞ്ഞു. ഇത് കൂടാതെ റംസാൻ മാർക്കറ്റുകൾ പോലുള്ള സാംസ്കാരിക പരിപാടികളും നഗരത്തിലെ വിവിധ ഇടങ്ങളിൽ ഒരുങ്ങി കഴിഞ്ഞു.

ഒരാൾക്ക് 110 ദിർഹം എന്ന നിരക്കിൽ, ബോംബെ ബംഗ്ലാവിന്റെ പുതിയ ഇഫ്താർ മെനു, താങ്ങാനാവുന്ന വിലയും ആധികാരികതയും സമന്വയിപ്പിച്ച്, റമദാന്റെ ചൈതന്യം യഥാർത്ഥത്തിൽ ഉൾക്കൊള്ളുന്നതിനൊപ്പം ഇന്ത്യൻ യുഎഇ വിഭവങ്ങളുടെ ഒരു സമ്പന്നമായ മെനുവാണ് ഒരുക്കിയിരിക്കുന്നത്. കൂടാതെ ജെബിആർ ബീച്ചിന്റെയും എയ്ൻ ദുബായുടെയും അവിശ്വസനീയമായ കാഴ്ചകൾകൂടി ബോംബെ ബംഗ്ലാവ് വാഗ്ദാനം ചെയ്യുന്നു. മുതിർന്നവർക്ക് 185 ദിർഹവും കുട്ടികൾക്ക് 75 ദിർഹവും വിലവരുന്ന ഹോട്ട് ആൻഡ് കോൾഡ് മെസ്സെ, സലാഡുകളുടെ മിശ്രിതം, ലെന്റിൽ സൂപ്പ്, ലാംബ് ഹാരിസ സൂപ്പ് എന്നിവയുൾപ്പെടെയുള്ള സൂപ്പുകൾ എന്നിവ ഉൾക്കൊള്ളുന്ന ക്യൂറേറ്റഡ് ഓപ്പൺ ബുഫെയാണ് ഒരുക്കിയിട്ടുള്ളത്. ഇവ കൂടാതെ നിരവധി സ്വാദിഷ്ഠമായ വേജ്, നോൺ വേജ് വിഭവങ്ങളും ഇവിടെ ലഭ്യമാണെന്ന് അധികൃതർ പറഞ്ഞു.ഐതിഹാസികമായ ബുർജ് ഖലീഫയുടെ പശ്ചാത്തലത്തിൽ സജ്ജീകരിച്ചിരിക്കുന്ന സാൽവാജെ ദുബായ് ഇഫ്താർ ഒത്തുചേരലുകൾക്ക് അനുയോജ്യമായ ഭക്ഷണ കേന്ദ്രമാണ്. ഒരാൾക്ക് 280 ദിർഹത്തിന്, ജാപ്പനീസ് പാചകരീതിയുടെ വന്യമായ വശം എടുത്തുകാണിക്കുന്ന നാല്കോഴ്സ് ഇഫ്താർ സെറ്റ് മെനു ഇവിടെ ലഭ്യമാണ്. ഈ വർഷം പാമിന്റെ പ്രശസ്തമായ അസറ്റീർ ടെന്റായ അറ്റ്ലാന്റിസിലേക്ക് മടങ്ങുന്ന ഇഫ്താർ ഇവന്റ്, ഓരോ രാത്രിയും 1,400 അതിഥികളെ സ്വാഗതം ചെയ്യുന്നു. അന്തരീക്ഷത്തിന്റെയും അലങ്കാരത്തിന്റെയും മനോഹരവും എന്നാൽ ആധുനികവുമായ രൂപത്തിനും ഭാവത്തിനും പുറമേ, അന്തർദേശീയ, അറബസ്ക്യൂ, ഖലീജി, പേർഷ്യൻ, ടർക്കിഷ് പാചകരീതികൾ ഉൾപ്പെടെ വിവിധ തീം രാത്രികൾ ഉൾക്കൊള്ളുന്ന ഫ്യൂഷൻ ബുഫെ ആസ്വദിക്കാം.ഈ റമദാനിൽ സൂര്യാസ്തമയം മുതൽ രാത്രി 8 മണി വരെ ചെ ലാ വിയിലെ റൂഫ്ടോപ്പ് ഭക്ഷണശാലയിൽ ഷെഫ് ഹോവാർഡ് കോ രൂപകല്പന ചെയ്ത അത്യാധുനികതയും സ്വാദും കൊണ്ട് അടയാളപ്പെടുത്തുന്ന ഇഫ്താർ മെനുആസ്വദിക്കാം. കഴിഞ്ഞ വർഷത്തെ ഇഫ്താറിൽ ഹിറ്റായ തത്സമയ കുക്കിംഗ് സ്റ്റേഷനുകളുടെ ഒരു നിര തന്നെ ഒരുക്കിയ ജുമൈറ എമിറേറ്റ്സ് ടവേഴ്സ് ഈ വർഷം 315 ദിർഹത്തിന്റെ പാക്കേജുകളാണ് ഓഫർ ചെയ്യുന്നത്. കൂടാതെ ഇഫ്താറിന് മുമ്പും ശേഷവും ആസ്വദിക്കാൻ അൽഫ്രെസ്കോ റമദാൻ മജ്‌ലിസും റമദാൻ ഡിസ്ട്രിക്റ്റ് നൈറ്റ് മാർക്കറ്റും ഈ വർഷത്തെ ആഘോഷങ്ങളുടെ ആകർഷണീയത വർദ്ധിപ്പിക്കും. ഷെഫ് കെൽവിൻ ച്യൂങ് ജൂണിൽ സൂര്യാസ്തമയം മുതൽ രാത്രി 8 വരെ ജൂണിലെ തന്റെ രണ്ടാമത്തെ ഇഫ്താർ ആഘോഷം നയിക്കുന്നു.



# ടി.ഡി. മെഡിക്കൽ കോളേജിൽ എ.സി.ആർ. ലാബ് തുടങ്ങി

**ആലപ്പുഴ:** ഗവ.ടി.ഡി. മെഡിക്കൽ കോളേജ് ആശുപത്രിയിൽ കേരള ഹെൽത്ത് റിസർച്ച് ആന്റ് വെൽഫെയർ സൊസൈറ്റി (കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്.) എ.സി.ആർ. ലാബിന്റെ ഉദ്ഘാടനം എച്ച്. സലാം എം.എൽ.എ. നിർവ്വഹിച്ചു. ഹെമറ്റോളജി, ഇമ്മ്യൂണോളജി, ബയോകെമിസ്ട്രി ഉൾപ്പടെയുള്ള പരിശോധനകൾ ആത്യാധുനിക യന്ത്ര സംവിധാനങ്ങളുടെ സഹായത്തോടെ കുറഞ്ഞ നിരക്കിൽ ഇവിടെ പരിശോധിക്കാം.

ചടങ്ങിൽ അമ്പലപ്പുഴ വടക്ക് പഞ്ചായത്ത് പ്രസിഡന്റ് എസ്. ഹാരിസ് അധ്യക്ഷനായി. ജില്ല പഞ്ചായത്തംഗം പി. അഞ്ജു, ബ്ലോക്ക് പഞ്ചായത്തംഗം പ്രദീപ്തി സജിത്, മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ഡോ. മിറിയം വർക്കി, കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. മാനേജിങ് ഡയറക്ടർ പി.കെ. സുധീർ ബാബു, കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. റീജിയണൽ മാനേജർ കെ.കെ. അൻസാർ, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

# യാർഡ്‌ലി പുതിയ ക്ലിയർ ജെൽ ബാറുകളും ഷവർ ജെൽ കളക്ഷനും അവതരിപ്പിച്ചു

**കൊച്ചി:** വിപ്രോ യാർഡ്‌ലി ലണ്ടൻ, ഷവർ ജെല്ലുകളുടെയും ക്ലിയർ ജെൽ ബാറുകളുടെയും പുതിയ ശ്രേണി അവതരിപ്പിച്ചു. സ്പാ പോലെയുള്ള അനുഭവവും ഉറപ്പ് നൽകുന്ന ഫ്ലോറൽ ഓയിൽ അടങ്ങിയതാണ് പുതിയ ശ്രേണി. ഏതുതരം ചർമ്മമുള്ളവർക്കും




അനുയോജ്യമായ ഈ ഉത്പന്നങ്ങൾ സിലിക്കണുകളും പാരബെനുകളും മുക്തമായതാണ്. 125 ഗ്രാമിന്റെ ക്ലിയർ ജെൽ ബാറിന് 95 രൂപയും 250 മില്ലി ഷവർ ജെല്ലിന് 225 രൂപയുമാണ് വില. ഐറിസ് ആൻഡ് വയലറ്റ് , ഗാർഡനിയ ആൻഡ് വാട്ടർലിലി , പിയോണി ആൻഡ് യലാങ് യലാങ് , ലില്ലി ഓഫ് വാലി ആൻഡ് ഫ്രാങ്കിപാനി എന്നിങ്ങനെ നിരവധി സുഗന്ധങ്ങളിൽ ക്ലിയർ ജെൽ ബാറുകളും ഷവർ ജെല്ലും ലഭ്യമാണ്.സുഗന്ധപൂരിതമായ യാർഡ്‌ലി ഷവർ ജെൽസ്, ക്ലിയർ ജെൽ ബാറുകൾ അവതരിപ്പിക്കുന്നതിൽ സന്തോഷമുണ്ടെന്നും മികച്ച നിലവാരം പുലർത്തുന്ന ബ്രാൻഡ് എന്ന നിലയിൽ ഉപഭോക്താക്കൾക്ക് പ്രീമിയം സൊല്യൂഷനുകൾ നൽകാൻ പ്രതിജ്ഞാബദ്ധരാണെന്നും യാർഡ്‌ലി ഇന്ത്യയുടെയും തായ്‌ലൻഡിന്റെയും സീനിയർ വൈസ് പ്രസിഡന്റും ബിസിനസ് ഹെഡുമായ മനീഷ് വ്യാസ് പറഞ്ഞു.



# കിൻഫ്ര ജലവിതരണ പദ്ധതി ഇൻഫോ പാർക്ക് നിലനിൽപിന് അനിവാര്യം

**കൊച്ചി:** കിൻഫ്രയുടെ വ്യാവസായിക ജലവിതരണ പദ്ധതി കാക്കനാട് ഇൻഫോപാർക്കിന്റെ നിലനിൽപിന് ഉൾപ്പെടെ അനിവാര്യമാണെന്ന് കിൻഫ്ര എം. ഡി സന്തോഷ് കോശി തോമസ് വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ഇൻഫോപാർക്കിൽ സ്ഥാപിതമായിരിക്കുന്ന ഐ.ടി കമ്പനികൾ ജലദൗർലഭ്യം മൂലം തങ്ങളുടെ സംരംഭങ്ങൾ അവിടെനിന്നു മാറ്റി മറ്റ് സംസ്ഥാനങ്ങളിലേക്ക് പോകാൻ തീരുമാനിച്ചാൽ അതുമൂലം സംസ്ഥാനത്തിനുണ്ടായേക്കാവുന്ന നഷ്ടം വളരെ വലുതായിരിക്കും.

കിൻഫ്രയുടെ പദ്ധതിയ്ക്ക് തടസ്സം നേരിട്ടതറിഞ്ഞ് ഇൻഫോ പാർക്ക് മേധാവികൾ പദ്ധതിയുടെ തടസ്സം നീക്കുന്നതിനുവേണ്ടി 2023 ജൂലൈയിൽ ഗവൺമെന്റിനെ സമീപിച്ചിരുന്നു. ഇതിനെത്തുടർന്ന് കുടിവെള്ള പദ്ധതികൾക്കു മുൻഗണന നൽകിയും ജലലഭ്യത ഉറപ്പുവരുത്തിയും പദ്ധതിയുമായി മുന്നോട്ടു പോകാൻ ഗവൺമെന്റ് തീരുമാനിക്കുകയായിരുന്നു. ഇതിനായി വിവിധ തലങ്ങളിൽ യോഗങ്ങൾ ചേരുകയും അവയുടെ തീരുമാനപ്രകാരം ജലവിഭവ വകുപ്പ് പെരിയാറിൽ പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു. പെരിയാറിൽ ജല അതോറിറ്റിയിടേയും ജലസേചന വകുപ്പിന്റെയും കിൻഫ്രയുടെയും ആവശ്യങ്ങൾ കഴിഞ്ഞും ഏകദേശം 1043 ദശലക്ഷം ലിറ്റർ ജലം ബാക്കിയുണ്ടാവും എന്നാണ് പഠനത്തിൽ കണ്ടെത്തിയിട്ടുള്ളത്. വേനൽക്കാലത്ത് വെള്ളം പമ്പ് ചെയ്യാനുള്ള കുറഞ്ഞ നിരപ്പ് പമ്പ്ഹൗസിനു സമീപം ക്രമീകരിക്കാൻ ജല അതോറിറ്റിക്ക് കഴിയാത്തതാണ് ജല ദൗർലഭ്യത്തിനു കാരണം എന്ന് വ്യക്തമാകുകയും ഇത് പരിഹരിക്കുന്നതിനായി പുറപ്പള്ളിക്കാവ് റെഗുലേറ്ററിന്റെ പരമാവധി നിരപ്പ് ഉപയോഗപ്പെടുത്തുന്നതിന് അമ്മനത്തുപള്ളത്ത് ഒരു ക്രോസ് റെഗുലേറ്റർ സ്ഥാപിക്കാൻവേണ്ട നടപടി ജലവകുപ്പ് എടുക്കുകയും ചെയ്തു.

ഇതുകൂടാതെ ജല അതോറിറ്റി തങ്ങളുടെ 190 ദശലക്ഷം സ്ഥാപിത ശേഷിയുള്ള ജല ശുദ്ധീകരണശാലയുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കാനുള്ള തീരുമാനവും എടുത്തിട്ടുണ്ട്. ഇതേത്തുടർന്നാണ് മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ കിൻഫ്രയുടെ പദ്ധതിയുമായി മുന്നോട്ടു പോകാൻ തീരുമാനിച്ചത്. പദ്ധതിയിൽ പൊതുമരാമത്ത് റോഡിൽ 14.5 കിലോമീറ്ററോളം പൈപ്പിടേണ്ട സ്ഥാനത്ത് 280 മീറ്റർ മാത്രമാണ് പണി പൂർത്തിയാക്കിയത്. എത്രയുംപെട്ടെന്ന് പണി ആരംഭിക്കാൻ കഴിഞ്ഞാൽ മാത്രമേ 2025 ഡിസംബറോടു കൂടി പൈപ്പിടൽ പൂർണ്ണമായും പൂർത്തിയാക്കാൻ കഴിയുകയുള്ളൂ. പെരിയാറിൽനിന്നു ജലം പമ്പ് ചെയ്യേണ്ട സാഹചര്യം 2025 ഡിസംബറോടുകൂടിയേ ഉണ്ടാകുകയുള്ളൂ. ഇപ്പോൾ പൈപ്പിടൽ ജോലികൾ ആരംഭിച്ച് പണി പൂർത്തിയാക്കാൻകഴിഞ്ഞാൽമാത്രമേ പൊതുമരാമത്ത് വകുപ്പിന് അതിനനുസരിച്ച് റോഡുകളുടെ പുനരുദ്ധാരണ ജോലികൾ ആരംഭിച്ച് മുമ്പോട്ടു പോകുവാൻ കഴിയൂ. ജലവിഭവ വകുപ്പ് വിഭാവനംചെയ്ത പ്രവൃത്തികൾ ഇതിനോടൊപ്പംതന്നെ പൂർത്തിയാക്കി എറണാകുളം ജില്ലയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനും കഴിയും. കിൻഫ്ര പദ്ധതിയുടെ പ്രധാന ഉപയോക്താക്കൾ ഇൻഫോപാർക്ക് ആണ്. അവിടുത്തെ ഏകദേശം ഒരു ലക്ഷത്തിൽപരം ജോലിക്കാരുടെ കുടിവെള്ളം ഉൾപ്പെടെയുള്ള ദൈനംദിന ആവശ്യങ്ങൾക്കാണ് ഈ വെള്ളം ഉപയോഗിക്കുന്നത്. നിലവിൽ കിൻഫ്രയിൽ നിന്ന് 80% ശതമാനം വെള്ളവും കൊടുക്കുന്നത് ഇൻഫോപാർക്കിന്റെ ദൈനംദിന ആവശ്യങ്ങൾക്കാണ്. ബാക്കിയുള്ള 20% ശതമാനം മാത്രമാണ് വ്യാവസായിക ആവശ്യങ്ങൾക്കായി കിൻഫ്ര എക്സ്പോർട്ട് ഇൻഡസ്ട്രിയൽ പാർക്കിൽ കൊടുക്കുന്നത്. 25 കോടിയോളം രൂപ പൈപ്പ് ഇടാനും പമ്പിങ് സ്റ്റേഷൻ നിർമിക്കുന്നതിനുമായി കിൻഫ്ര ഇതിനോടകം ചെലവാക്കിയിട്ടുമുണ്ട്. കൊച്ചി കിൻഫ്രയുടെ ജലവിതരണ പദ്ധതിക്ക് ഭരണാനുമതി ലഭിച്ചത് 2013 ലാണ്. 2016ൽ പദ്ധതിക്കായി ടെണ്ടർ നടപടികൾ ആരംഭിക്കുകയും 2022ഓടുകൂടി റീടെണ്ടർ ചെയ്ത് കരാർ തീർപ്പാക്കി പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. 45 ദശലക്ഷം ലിറ്റർ ശേഷിയുള്ള വ്യാവസായിക ജലവിതരണ പദ്ധതിയുടെ ഭാഗമായി 800 മില്ലീ മീറ്റർ വ്യാസമുള്ള പൈപ്പിടൽ തോട്ടുമുഖം ഭാഗത്ത് 2022 ഏപ്രിൽ മാസത്തിൽ ആരംഭിച്ചെങ്കിലും ഈ പദ്ധതി വന്നാൽ എറണാകുളം ജില്ലയിലെ ജലക്ഷാമം കൂടുതൽ രൂക്ഷമാകും എന്നാരോപിച്ച് പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ തടസപ്പെടുത്തിയിരുന്നു.

ആലുവ തോട്ടുമുഖത്ത് പെരിയാറിന്റെ കരയിൽ ഇപ്പോൾ പണിയുന്ന കിണറിൽനിന്നും ആരംഭിച്ച് തോട്ടുമുഖം, എടയപുരം, കൊച്ചിൻ ബാങ്ക്, എൻഎഡി, മണലിമുക്ക്, ഇടച്ചിറ വഴി 14.5 കിലോമീറ്റർ ദൂരം പൈപ്പിട്ട് കിൻഫ്രയുടെ കാക്കനാട് പാർക്കിൽ എത്തിച്ച് അത് ശുദ്ധീകരിച്ച് വിതരണം ചെയ്യുന്ന വിധത്തിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ആദ്യം 30 എംഎൽഡി വെള്ളം കൊണ്ടുപോകുന്നതിനുള്ള പദ്ധതിയാണ് വിഭാവനം ചെയ്തിരുന്നതെങ്കിലും പിന്നീട് പെട്രോകെമിക്കൽ പാർക്ക് പദ്ധതിയും കൂടി ഉൾപ്പെടുത്തിയതിനെതുടർന്ന് 45 എംഎൽഡി ആയി ഉയർത്തുകയായിരുന്നു.2000ൽ സ്ഥാപിച്ച വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിൽ കടമ്പ്രയാറിലെ വെള്ളം ശുദ്ധീകരിച്ചാണ് ഇൻഫോപാർക്കിലെ യൂണിറ്റുകളുടെയും കാക്കനാട് കിൻഫ്ര പാർക്കിലെ സ്ഥാപനങ്ങളുടെയും ആവശ്യങ്ങൾ നിറവേറ്റിയിരുന്നതെന്നും അദ്ദേഹം പറഞ്ഞു.കിൻഫ്ര മധ്യമേഖല ഹെഡ് എ കെ ജീഷ, ജനറൽ മാനേജർ ടി.ബി അമ്പിളി, , കൊച്ചി ഇൻഫോപാർക് സിഇഒ കെ. സുശാന്ത്, കിൻഫ്ര നോഡൽ ഓഫീസർ മാത്യു. എ. ജോർജ് എന്നിവരും വാർത്ത സമ്മേളനത്തിൽ പങ്കെടുത്തു.

# ട്രക്ക് ഡ്രൈവർമാർക്ക് രാജ്യവ്യാപക ആരോഗ്യപരിശോധനയുമായി കൊടക് മഹീന്ദ്ര ബാങ്ക്

**മുംബൈ:** ട്രക്ക് ഡ്രൈവർമാർക്ക് സൗജന്യ ആരോഗ്യപരിശോധനയുമായി കൊടക് മഹീന്ദ്ര ബാങ്ക്. കേരളത്തിലുൾപ്പടെയുള്ള മൂവ്വായിരത്തോളം ട്രക്ക് ഡ്രൈവർമാർക്ക് സൗജന്യ ഡോക്ടർ കൺസൽട്ടേഷൻ, നേത്ര പരിശോധന, ഫിസിയോ തെറാപ്പി, ഓർത്തോപീഡിക് പരിശോധനകൾ, വായിലെ അർബുദത്തിന്റെ പ്രാഥമിക പരിശോധനകൾക്കായുള്ള ഡെന്റൽ ചെക്കപ്പ്, രക്തസമ്മർദ്ദ പരിശോധന, പ്രമേഹ പരിശോധന തുടങ്ങിയവ ലഭ്യമാകും. സൗജന്യമായി മരുന്ന് വിതരണം നടത്തുന്നതിനൊപ്പം ഡ്രൈവർമാരുടെ ക്ഷേമം ലക്ഷമിട്ട് സർക്കാർ നടത്തുന്ന വിവിധ ക്ഷേമ പദ്ധതികളെക്കുറിച്ചുള്ള ബോധവത്കരണ സെഷനുകളും കൊടക് പദ്ധതിയുടെ ഭാഗമായി സംഘടിപ്പിക്കും. ട്രക്ക് ഡ്രൈവർമാർ പതിവായി വരുന്ന ട്രാൻസ്പോർട്ട് ഹബ്ബുകളിൽ 30 ആരോഗ്യക്യാമ്പുകൾ വരെ സംഘടിപ്പിക്കും. ഓരോ ക്യാമ്പിലും ഡോക്ടർമാരും നഴ്സിങ്ങ് സ്റ്റാഫും അടങ്ങുന്ന ആറംഗ സംഘത്തിന്റെ സേവനം ലഭ്യമായിരിക്കും. നാസിക്, മൊറാദാബാദ്, കാൺപൂർ, റോഹ്തക്, ഫരീദാബാദ്, ബിക്കാനീർ, ഭിൽവാര, ജയ്പൂർ, ജോധ്പൂർ, ബതിന്ദാ, ജലന്ധർ, ലുധിയാന, ചണ്ഡീഗഡ്, വെല്ലൂർ, ശങ്കരി, കോഴിക്കോട്, ഹൈദരാബാദ് ഓട്ടോ നഗർ, ഹുബ്ലി, ജോർഹട്ട്, ധന്ബാദ്, ഭുവനേശ്വർ, പട്ന, പൂനെ, ഔറംഗബാദ്, നാസിക്, റായ്പൂർ, ഗാന്ധിധാം, ഇൻഡോർ, ഗ്വാളിയോർ, സുരേന്ദ്രനഗർ ഹൽവാദ് തുടങ്ങിയ സ്ഥലങ്ങൾ ഉൾപ്പെടെ 30 നഗരങ്ങളിലേക്ക് വ്യാപിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്.

# സംരംഭക വർഷം : എറണാകുളം ജില്ല മുന്നിൽ

**കൊച്ചി:** സംസ്ഥാന സർക്കാർ ആവിഷ്കരിച്ച സംരംഭക വർഷം പദ്ധതിയുടെ രണ്ടാം ഘട്ടത്തിലും ഏറ്റവും കൂടുതൽ സംരംഭങ്ങൾ ആരംഭിച്ച് എറണാകുളം ജില്ല മുന്നിലെത്തി. 2022ൽ ആരംഭിച്ച സംരംഭക വർഷ പദ്ധതിയുടെ ഭാഗമായി കഴിഞ്ഞ രണ്ടു വർഷക്കാലയളവിൽ ഏറ്റവും കൂടുതൽ സംരംഭങ്ങൾ തുടങ്ങിയത് എറണാകുളം ജില്ലയിലാണ്.24,466 സംരംഭങ്ങളാണ് കഴിഞ്ഞ രണ്ടുവർഷ കാലയളവിൽ എറണാകുളത്ത് തുടങ്ങിയത്.2176 കോടി രൂപയുടെ നിക്ഷേപമാണ് ഇതുവഴി എറണാകുളത്ത് ഉണ്ടായത്.

58994 തൊഴിലവസരങ്ങളും എറണാകുളം ജില്ലയിൽ ഈ രണ്ടു വർഷക്കാലയളവിൽ സംരംഭക വർഷ പദ്ധതിയുടെ ഭാഗമായി സൃഷ്ടിക്കാൻ സാധിച്ചു.കേരളത്തിൽ 2023 24 സാമ്പത്തിക വർഷത്തിലും ഏറ്റവും കൂടുതൽ സംരംഭങ്ങൾ തുടങ്ങിയ ജില്ല എറണാകുളം ആണ്. ഇതുവരെ 10338 സംരംഭങ്ങളാണ് വിവിധ മേഖലകളിലായി എറണാകുളത്ത് തുടങ്ങിയിട്ടുള്ളത്. ഈ സംരംഭങ്ങളിലൂടെ 1004 കോടി രൂപയുടെ നിക്ഷേപം ഉണ്ടാക്കുവാൻ സാധിച്ചിട്ടുണ്ട്. അതോടൊപ്പം 25220 തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാധിച്ചു.10338 സംരംഭങ്ങളിൽ 1326 എണ്ണം ഉൽപാദന മേഖലയിലും,4516 എണ്ണം സേവനമേഖലയിലും,4496 എണ്ണം കച്ചവട മേഖലയിലുമാണ് എറണാകുളത്ത് തുടങ്ങിയിട്ടുള്ളത്. അഗ്രോ ഫുഡ്, ഓട്ടോമൊബൈൽ സർവീസ് ആൻഡ് റിപ്പയർ, ബയോടെക്നോളജി, ബിൽഡിംഗ് മെറ്റീരിയൽസ് കൺസ്ട്രക്ഷൻ ആർക്കിടെക്ചർ, കെമിക്കൽ പ്രൊഡക്ട്, ഡ്രക്ക്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽ ആയുർവേദ, ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്, എനർജി ആൻഡ് റിന്യൂവൽ എനർജി, ഗാർമെന്റ്സ് ആൻഡ് ടെക്സ്റ്റൈൽസ്, ജനറൽ എൻജിനീയറിങ്, ഹാൻഡ്‌ലും കൊയർ ഹാൻഡിക്രാഫ്റ്റ്, ഇൻഫോർമേഷൻ ടെക്നോളജി ആർട്ടിഫിഷൽ ഇന്റലിജൻസ്, എന്നിങ്ങനെ 28 ഓളം സെക്ടറുകളിൽ നിന്നായി ആണ് ഈ സാമ്പത്തിക വർഷം 10338 സംരംഭങ്ങൾ എറണാകുളം ജില്ലയിൽ ആരംഭിച്ചിട്ടുള്ളത് .

202324 ൽ എറണാകുളത്ത് തുടങ്ങിയ 10338 സംരംഭങ്ങളിൽ 3353 സംരംഭങ്ങൾ വനിതാ സംരംഭകരുടെ നേതൃത്വത്തിൽ ആരംഭിച്ചയവയാണ്.10338 സംരംഭങ്ങളിലായി 9099 സ്ത്രീകൾക്ക് തൊഴിലവസരം സൃഷ്ടിക്കാനും എറണാകുളം ജില്ലക്ക് കഴിഞ്ഞിട്ടുണ്ട്.തുടർച്ചയായി രണ്ടാം വർഷവും ഒരു ലക്ഷം പുതിയ സംരംഭങ്ങൾ എന്ന ലക്ഷ്യം കേരളം നേടിയതായി വ്യവസായ മന്ത്രി പി.രാജീവ് കഴിഞ്ഞ ദിവസം പ്രഖ്യാപിച്ചിരുന്നു. സംരംഭക വർഷം 2.0 യുടെ ഭാഗമായി ഇതുവരെ 202324 ൽ കേരളത്തിൽ 100257 സംരംഭങ്ങൾ ആരംഭിച്ചു.

ഇതുവഴി 6724 കോടി രൂപയുടെ നിക്ഷേപം കേരളത്തിൽ ഉണ്ടായി. അതോടൊപ്പം ഈ സംരംഭങ്ങൾ വഴി കേരളത്തിൽ 210149 തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ സാധിച്ചു.കേരള സർക്കാരിന്റെ വ്യവസായ വാണിജ്യ വകുപ്പ് ഏർപ്പെടുത്തിയ മികച്ച ജില്ലാ വ്യവസായ കേന്ദ്രത്തിനുള്ള ആദ്യത്തെ അവാർഡ് 202223ലെ പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ കരസ്ഥമാക്കിയതും എറണാകുളം ജില്ലാ വ്യവസായ കേന്ദ്രമാണ്.

സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ള നിക്ഷേപ സൗഹൃദ നടപടികളും വ്യവസായ വാണിജ്യ വകുപ്പിലെ മുഴുവൻ ഉദ്യോഗസ്ഥരുടെയും ശ്രമഫലമായിട്ടാണ് ഇത്തരത്തിലുള്ള അഭിമാനാർഹമായ വിജയം കരസ്ഥമാക്കാൻ സാധിച്ചതെന്ന് എറണാകുളം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ പി.എ.നജീബ് അറിയിച്ചു .



**ഫെഡറൽ ബാങ്ക് ഡെപ്യൂട്ടി വൈസ് പ്രസിഡന്റ് അമിത് കുമാർ രചിച്ച 'ഏകെ' എന്ന ബാങ്കിംഗ് ത്രില്ലർ നോവലിന്റെ ഇംഗ്ലീഷ് പരിഭാഷയുടെ പ്രകാശനം ഫെഡറൽ ബാങ്ക് എക്സിക്യൂട്ടീവ് ഡയറക്ടർ ശാലിനി വാര്യർ ബാങ്കിന്റെ ചീഫ് ഹ്യൂമൻ റിസോഴ്സസ് ഓഫീസറായ കെ. കെ. അജിത്ത്കുമാറിനു നൽകി നിർവഹിക്കുന്നു. ബാങ്കിന്റെ എക്സിക്യൂട്ടിവ് വൈസ് പ്രസിഡന്റ് നന്ദകുമാർ വി, സീനിയർ വൈസ് പ്രസിഡന്റ് പി. വി ജോയ്, അമിത്കുമാർ, ഏകെ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്ത ഫെഡറൽ ബാങ്ക് മുൻ ഉദ്യോഗസ്ഥൻ ജോണി ജോസഫ് എന്നിവർ സമീപം.**

## എൻഡ് ഓഫ് ഫൈനാൻഷ്യൽ ഇയർ സെയിൽ പ്രഖ്യാപിച്ച് ആമസോൺ

**തിരുവനന്തപുരം:** ആമസോൺ ബിസിനസ്സ് 'എൻഡ് ഓഫ് ഫൈനാൻഷ്യൽ ഇയർ സെയിൽ' ആരംഭിച്ചു. മാർച്ച് 21 വരെയാണ് ഓഫറുകൾ. ഇതിലൂടെ ബിസിനസ്സ് കസ്റ്റമേർസിനെ ആവശ്യമായ സെലക്ഷൻ കണ്ടെത്താനും, ചെലവ് കുറച്ച് പർച്ചേസുകളിൽ വർദ്ധിച്ച ക്യാഷ്ബാക്കും ഓഫറുകളും നേടാനും സഹായിക്കും.

നടപ്പ് സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുൻപ് മികച്ച ഡീലുകളോടെ പെൻഡിംഗ് പർച്ചേസുകൾ മുഴുവനും പൂർത്തിയാക്കാൻ ബിസിനസ്സ് കസ്റ്റമേർസിനെ സഹായിക്കുന്നതിനാണ് ഇത്.കമ്പ്യൂട്ടർ ആക്സസറികൾ, ഇലക്ട്രോണിക് അപ്ലയൻസസ്, ഓഫീസ് പ്രോഡക്ടുകൾ, പാൻട്രി സപ്ലൈസ്, ജാനിറ്റോറിയൽ സപ്ലൈസ്, ഓഫീസ് ഫർണിച്ചർ, ഡെക്കർ, ടൂൾസ്, പാക്കേജിംഗ് സപ്ലൈസ് എന്നിങ്ങനെ ബിസിനസ് പ്രസക്തമായ എല്ലാ കാറ്റഗറികളിലും 10,000 രൂപ വരെയുള്ള 10% വരെ ക്യാഷ്ബാക്ക് ബിസിനസ് ഉപഭോക്താക്കൾക്ക് പ്രയോജനപ്പെടുത്താം. ബിസിനസ് കസ്റ്റമേർസിന് ലാപ്ടോപ്പുകൾ, മോണിറ്ററുകൾ, വ്യാവസായിക സപ്ലൈകൾ എന്നിവയിലും മറ്റും 40% വരെ ഇളവോടെ ലാപ്ടോപ്പുകളുടെ എക്സ്ക്ലൂസീവ് വിലകളും ഓഫറുകളും ലഭിക്കും. ബിസിനസ്സ് അക്കൗണ്ടുകൾ സന്ദർശിച്ച് സെയിൽ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ അറിയാവുന്നതാണ്. പുതിയ ഉപഭോക്താക്കൾക്ക് അഡീഷണൽ ചാർജ്ജൊന്നും നൽകാതെ ആമസോൺ ബിസിനസ്സ് അക്കൗണ്ട് എടുത്ത് എൻഡ് ഓഫ് ഫൈനാൻഷ്യൽ ഇയർ സെയിൽ ആനുകൂല്യങ്ങൾ പ്രയോജനപ്പെടുത്താം.

## തമന്ന രസ്നയുടെ പുതിയ ബ്രാൻഡ് അംബാസഡർ




**കൊച്ചി:**ലോകത്തിലെ മുൻനിര ഇൻസ്റ്റന്റ് ഡ്രിങ്ക് നിർമ്മാതാക്കളായ രസ്ന, നടി തമന്ന ഭാട്ടിയയെ തങ്ങളുടെ പുതിയ ബ്രാൻഡ് അംബാസഡറായി നിയമിച്ചു. ഈ വേനൽക്കാലത്തു രസ്നയുടെ ഉൽപ്പന്നങ്ങളുടെ പ്രചാരണത്തിനായുള്ള പുതിയ പരസ്യ ചിത്രത്തിൽ തമന്ന അഭിനയിക്കും.

പുതിയ രസ്ന കോണ്സെന്ട്രേറ്റ് 33 ഗ്ലാസ് ലഭിക്കുന്ന 750 ഗ്രാം പൗച്ച്, 22 ഗ്ലാസുകൾ ലഭിക്കുന്ന 500 ഗ്രാം, 17 ഗ്ലാസ്സുകൾ ലഭിക്കുന്ന 400 ഗ്രാം, ഒറ്റ ഗ്ളാസും 500 മില്ലിയും ഉണ്ടാക്കാവുന്ന സാഷെകളിലും ലഭ്യമാണ്. സ്ക്വാഷുകളും സിറപ്പുകളും പോലെയുള്ള പുതിയ തലമുറ ലിക്വിഡ് കോൺസെൻട്രേറ്ററുകൾ കൂടാതെ രസ്നയുടെ മറ്റൊരു ബ്രാൻഡായ രസ്ന ഹെൽത്തി ഡേയ്ക്ക് കീഴിൽ ശുദ്ധമായ തേൻ, പ്രോട്ടീൻ പൊടികൾ, തേൻ/മാൾട്ട് അധിഷ്ഠിത പൊടികൾ, ചോക്കലേറ്റ് സ്പ്രെഡുകൾ, ഇൻസ്റ്റന്റ് സൂപ്പുകൾ തുടങ്ങിയവ ഉൾപ്പെടുന്ന ഒരു പൂർണ്ണമായ വെൽനസ് ശ്രേണിയും ഇന്ന് രസ്നയ്ക്ക് ഉണ്ടെന്ന് രസ്ന ഗ്രൂപ്പിന്റെ ഗ്രൂപ്പ് ചെയർമാൻ മിസ്റ്റർ പിറൂസ് ഖംബട്ട പറഞ്ഞു.തമന്ന ഭാട്ടിയയെപ്പോലുള്ള ഒരു സെലിബ്രിറ്റി രസ്നയെ തന്റെ കുട്ടിക്കാലത്തെ പ്രിയപ്പെട്ടതായി അംഗീകരിക്കാൻ ആഗ്രഹിച്ചതിൽ ഞങ്ങൾക്ക് അഭിമാനമുണ്ടെന്നും പിറൂസ് ഖംബട്ട പറഞ്ഞു.ഇന്ത്യയുടെ ഹൃദയത്തിൽ നിന്നുള്ള മികച്ച ഉദാഹരണമാണ് രസ്നയെന്ന് നടി തമന്ന പറഞ്ഞു. രാജ്യത്തെ ഏറ്റവും പ്രശസ്തമായ പാനീയ ബ്രാൻഡുമായി സഹകരിക്കുന്നതിൽ ഞാൻ അഭിമാനിക്കുന്നുവെന്നും തമന്ന ഭാട്ടിയ അഭിപ്രായപ്പെട്ടു.

## ഐകൂ സെഡ്9 5ജി വിപണിയിൽ




**കൊച്ചി** :ഐകു സെഡ്9 5ജി ഇന്ത്യയിൽ അവതരിപ്പി 2. മീഡിയടെക് ഡിമെൻസിറ്റി 7200 ചിപ് സെറ്റാണ് ഫോണിൽ. 6.67 ഇഞ്ച് അമോൽഡ് ഡിസ്പ്ലേ. 50 മെഗാപിക്സൽ സോണി ഐഎംഎ ക്സ് 88 സെൻസർ ക്യാമറ. 5000 എംഎഎച്ച് ബാ റ്ററി. 8 ജിബി റാം, 128 ജിബി സ്റ്റോറേജ് മോഡലി 19999 രൂപ . 8 ജിബി+256 ജിബിക്ക് 21,999 . ഇന്നു വിൽപന തുടങ്ങും. ബാങ്ക് ക്രെഡിറ്റ് കാർഡുകളിൽ 2000 രൂപ കിഴിവുമുണ്ട്. ആൻഡ്രോയ്ഡ് 14ൽ ആണ് ഫോൺ എത്തുന്നത്

## ആക്സെന്റം പ്ലസ് ഹെഡ് ഫോണുകൾ പുറത്തിറക്കി

**കൊച്ചി:** ഓഡിയോ മികവിൽ പുതിയ മാനദണ്ഡങ്ങൾ സൃഷ്ടിച്ചു കൊണ്ട്, സെനൈസർ അതിന്റെ ഏറ്റവും പുതിയ വിസ്മയങ്ങളായ ആക്സെന്റം, ആക്സെന്റം പ്ലസ് ഹെഡ് ഫോണുകളുടെ ഇന്ത്യയിലെ വിൽപ്പന ആരംഭിക്കുന്നതായി ഔദ്യോഗികമായി പ്രഖ്യാപിച്ചു. യഥാക്രമം 12,990, 15,990 എന്നീ വിലകളിൽ വാങ്ങിക്കാവുന്ന, ഈ അത്യാധുനിക ഹെഡ്ഫോണുകൾ ഇപ്പോൾ ഔദ്യോഗിക സെനൈസർ വെബ്ഷോപ്പായ സെനൈസർ ഹിയറിങ്. കോം ആമസോൺ. കോം എന്നിവയിൽ ബ്ലാക്ക്, വൈറ്റ് നിറങ്ങളിൽ ലഭ്യമാണ്.






## ആലപ്പുഴയിൽ നെറ്റ്വർക്ക് വിപുലമാക്കി എയർടെൽ

**ആലപ്പുഴ:** ടെലികമ്മ്യൂണിക്കേഷൻ സേവന ദാതാക്കളായ ഭാരതി എയർടെൽ ആലപ്പുഴ ജില്ലയിൽ തങ്ങളുടെ ശൃംഖലയിൽ കൂടുതൽ സൈറ്റുകൾ വിന്യസിച്ചു. ഇതുവഴി വോയ്സ്, ഡാറ്റ കണക്റ്റിവിറ്റിയിൽ ഈ മേഖലയിലെ ഉപഭോക്തൃ അനുഭവം വർദ്ധിപ്പിക്കും.

ജില്ലയിലെ അമ്പലപ്പുഴ, ചെങ്ങന്നൂർ, ചേർത്തല, കാർത്തികപ്പള്ളി, കുട്ടനാട്, മാവേലിക്കര പ്രദേശങ്ങളിൽ ഈ നെറ്റ്വർക്ക് മെച്ചപ്പെടുത്തൽ നേരിട്ട് പ്രയോജനപ്പെടും. ഈ വിപുലീകരണം ഗ്രാമങ്ങളിലെ ഉപഭോക്താക്കൾക്ക് അതിവേഗ കണക്റ്റിവിറ്റിയുടെ തടസ്സങ്ങളില്ലാതെ ലഭ്യത സാധ്യമാക്കും. 2024 ഓടെ രാജ്യത്തെ 60,000 ഗ്രയുടെ ഏറ്റവും വലിയ ശ്രദ്ധാകേന്ദ്രമായ വിപണികളിലൊന്നാണ് കേരളം, ഈ സംരംഭത്തിലൂടെ 1600 ഗ്രാമങ്ങളിലും 355 പട്ടണങ്ങളിലുമായി സംസ്ഥാന മൊട്ടാകെയുള്ള നെറ്റ്വർക്ക് കവറേജ് വർദ്ധിപ്പിക്കും.

# വൃക്കകളെ സൂക്ഷിക്കാം; കരുതലോടെ





**ഡോ. സജിത്ത് നാരായണൻ,**
സീനിയർ കൺസൾട്ടന്റ്
ആൻഡ് ഹെഡ് നേഫ്രോളജി
ആസ്റ്റർ മിംസ് കോഴിക്കോട്

ഒരു മനുഷ്യന് സുഖകരമായി ജീവിച്ചിരിക്കാൻ, ആരോഗ്യമുള്ള വൃക്കകൾ കൂടിയേ തീരു. വൃക്കകൾക്ക് കാര്യമായ എന്തെങ്കിലും തകരാറുകൾ ഉണ്ടായാൽ ഉടനെ തന്നെ ഡയാലിസിസോ വൃക്കമാറ്റിവെക്കലോ ചെയ്യേണ്ടത് അനിവാര്യമാണ്.

**വൃക്കമാറ്റിവെക്കേണ്ടത് എപ്പോൾ?**

രണ്ടു വൃക്കകളെയും രോഗം ബാധിച്ചിരിക്കുന്നു എന്ന് പറഞ്ഞാൽ ആ രോഗിയുടെ വൃക്കകളുടെ 85% പ്രവർത്തനവും വീണ്ടെടുക്കാൻ കഴിയാത്ത വിധം നിലച്ചിരിക്കുന്നു എന്നാണ്. ആ രോഗിക്ക് മറ്റ് ആരോഗ്യപ്രശ്നങ്ങൾ ഇല്ലെങ്കിൽ വൃക്കമാറ്റിവെക്കലാണ് ഏറ്റവും നല്ല മാർഗ്ഗം.

വൃക്കരോഗങ്ങൾ ഉണ്ടാകുന്നതിന് പലവിധ കാരണങ്ങൾ ഉണ്ട്. കുട്ടികളിൽ പാരമ്പര്യമായോ ജന്മനാ ഉണ്ടാകുന്ന പ്രശ്നങ്ങളാലോ ആണ് വൃക്കരോഗം കൂടുതലായി കാണപ്പെടുന്നത്. മുതിർന്നവരിൽ പ്രമേഹം, രക്താതിസമ്മർദം, വൃക്കയിലെ കല്ലുകൾ, അണുബാധ, പാടകെട്ടൽ, വൃക്കകൾക്കുള്ളിലെ ചെറിയ അരിപ്പകളെ ബാധിക്കുന്ന ഒരുകൂട്ടം അസുഖങ്ങൾ എന്നിങ്ങനെ നിരവധി കാരണങ്ങളാൽ ഗുരുതരമായ അവസാനഘട്ട വൃക്കരോഗങ്ങൾ ഉണ്ടാകാറുണ്ട്.

**ആരുടെ വൃക്കകളാണ് സ്വീകരിക്കാവുന്നത്?**

ജീവിച്ചിരിക്കുന്ന ദാതാക്കളിൽ നിന്നും മരിച്ചുപോയവരിൽ നിന്നും വൃക്കകൾ സ്വീകരിക്കാം. പക്ഷെ നിർഭാഗ്യവശാൽ, നമ്മുടെ സംസ്ഥാനത്ത് മരണാനന്തരം വൃക്കകൾ ദാനം ചെയ്യുന്നവരുടെ എണ്ണം ദേശീയ ശരാശരിയേക്കാൾ വളരെ കുറവാണ്. 18 വയസിനും 65 വയസിനും ഇടയിൽ പ്രായമുള്ളവർക്ക് സ്വമേധയാ വൃക്ക ദാനം ചെയ്യാവുന്നതാണ്. ആരോഗ്യമുണ്ടെങ്കിൽ 65 വയസ്സ് പിന്നിട്ടവർക്കും ദാതാവാകാം. മാതാപിതാക്കൾ, മുത്തച്ഛനും മുത്തശ്ശിയും, സഹോദരങ്ങൾ, മക്കൾ, ജീവിതപങ്കാളി എന്നിവരാണ് നിയമാനുസൃത ദാതാക്കളുടെ പരിധിയിൽ വരുന്ന ബന്ധുക്കൾ.


**വൃക്ക ദാനത്തിലെ നടപടിക്രമങ്ങൾ എന്തെല്ലാം?**

ഒരു ദാതാവിനെ കണ്ടെത്തിക്കഴിഞ്ഞാൽ അയാളുടെ മെഡിക്കൽ ഫിറ്റ്നസ് പരിശോധിക്കുന്ന ഘട്ടമാണ് ആദ്യത്തേത്. ദാതാവിന്റെയും സ്വീകർത്താവിന്റെയും രക്തഗ്രൂപ്പും കോശഘടനയും യോജിക്കുന്നതാണോയെന്ന് നോക്കും. വൃക്ക മാറ്റിവെക്കൽ ശസ്ത്രക്രിയക്ക് രോഗിയുടെ ശരീരം തയാറാണോ എന്ന് കണ്ടെത്തുന്നതിനുള്ള ടെസ്റ്റുകളും നടത്തും.ഇന്ന്, ദാതാവിന്റെയും സ്വീകർത്താവിന്റെയും രക്തഗ്രൂപ്പ് ഒന്നല്ലെങ്കിൽ പോലും വൃക്ക മാറ്റിവെക്കാൻ കഴിയും. സർജറിക്ക് മുൻപ് അതിന് പ്രത്യേക ചികിത്സ ആവശ്യമാണ്. റോബോട്ടിക്ക് ശസ്ത്രക്രിയ ഉപയോഗിച്ചുള്ള വൃക്കമാറ്റിവെക്കലാണ് മറ്റൊരു പുതിയ സാങ്കേതികവിദ്യ. ഓപ്പൺ സർജറിയെക്കാൾ പലകാര്യങ്ങളിലും മികച്ചതാണ് റോബോട്ടിക്ക് വൃക്ക മാറ്റിവെക്കൽ.

വൃക്കരോഗങ്ങൾ ഉണ്ടാകുന്നതിന് പലവിധ കാരണങ്ങൾ ഉണ്ട്. കുട്ടികളിൽ പാരമ്പര്യമായോ ജന്മനാ ഉണ്ടാകുന്ന പ്രശ്നങ്ങളാലോ ആണ് വൃക്കരോഗം കൂടുതലായി കാണപ്പെടുന്നത്. മുതിർന്നവരിൽ പ്രമേഹം, രക്താതിസമ്മർദം, വൃക്കയിലെ കല്ലുകൾ, അണുബാധ, പാടകെട്ടൽ, വൃക്കകൾക്കുള്ളിലെ ചെറിയ അരിപ്പകളെ ബാധിക്കുന്ന ഒരുകൂട്ടം അസുഖങ്ങൾ എന്നിങ്ങനെ നിരവധി കാരണങ്ങളാൽ ഗുരുതരമായ അവസാനഘട്ട വൃക്കരോഗങ്ങൾ ഉണ്ടാകാറുണ്ട്.

**റോബോട്ടിക് വൃക്ക മാറ്റിവെക്കൽ**

വൃക്ക മാറ്റിവെക്കൽ ശസ്ത്രക്രിയാ രംഗത്തെ ഏറ്റവും നൂതനമായ കാൽവെപ്പാണു റോബോട്ട് ഉപയോഗിച്ചുള്ള വൃക്ക മാറ്റിവെയ്ക്കൽ. ശസ്ത്രക്രിയാ വിദഗ്ദ്ധൻ ഒരു കംപ്യൂട്ടറിന്റെ സഹായത്തോടെ നൂതന റോബോട്ടിക് മെഷിന്റെ കൈകളെ നിയന്ത്രിച്ച് ശസ്ത്രക്രിയ ചെയ്യുന്നു. വളരെ ചെറിയ മുറിവിലൂടെയാണിത് ചെയ്യുന്നത്. വയറ്റിനകത്തുള്ള അവയവങ്ങളെല്ലാം ഒരു ക്യാമറയുടെ സഹായത്തോടെ വിപുലീകരിച്ച് ശസ്ത്രക്രിയാ വിദഗ്ദ്ധനു കാണുവാനുള്ള സൗകര്യമുണ്ട്. ശസ്ത്രക്രിയക്കുള്ള ഉപകരണങ്ങൾ റോബോട്ടിന്റെ കൈകളിലൂടെ പ്രവർത്തിപ്പിയ്ക്കുന്നു. ചെറിയ രക്തകുഴലുകളെല്ലാം വലുതായി കാണുകയും, അതിനാൽ രക്തസ്രാവമുണ്ടാകുന്നതു ഒഴിവാക്കുവാനും സാധിക്കുന്നു. പ്രവർത്തിപ്പിക്കുന്ന ഡോക്ടറുടെ കൈകളിൽ വിറയൽ ഉണ്ടായാലും അത് റോബോട്ടിന്റെ കൈകളെ ബാധിക്കുകയില്ല. മാത്രമല്ല, വളരെ കൃത്യതയോടെയും സൂക്ഷ്മതയോടെയും മുറിയ്ക്കുവാനും രക്തകുഴലുകൾ തമ്മിൽ തുന്നിച്ചേർക്കുവാനും കഴിയുന്നു.



**റോബോട്ട് ഉപയോഗിച്ചുള്ള ശസ്ത്രക്രിയയുടെ ഗുണമേന്മകൾ താഴെ പറയുന്നവയാണ്:**

1. ചെറിയ മുറിവിലൂടെ സങ്കീർണ്ണമായ ശസ്ത്രക്രിയ നടത്തുവാൻ കഴിയുന്നു.
2. രക്തസ്രാവം വളരെ കുറയുന്നു.
3. രോഗിക്കു വേദനയും അണുബാധയും ആശുപത്രിവാസവും കുറയുന്നു.
4. വയറിനകത്തുള്ള അവയവങ്ങളും രക്ത കുഴലുകളും വലുതായി കാണുവാൻ ശസ്ത്രക്രിയാവിദഗ്ദ്ധനു കഴിയുന്നു.
5. മുറിവും തുന്നലും വളരെ കൃത്യവും സൂക്ഷ്മവുമാകുന്നു.
6. ശസ്ത്രക്രിയാ വിദഗ്ദ്ധന് ഇരിപ്പടത്തിൽ ഇരുന്നു കൈ വിറയൽ കുടാതെ ശസ്ത്രക്രിയ നടത്തുവാൻ സാധിക്കുന്നു. വളരെ സങ്കീർണ്ണമായ കുടുതൽ സമയമെടുക്കുന്ന ശസ്ത്രക്രിയകൾ ചെയ്യുമ്പോൾ ശസ്ത്രക്രിയാ വിദഗ്ദ്ധൻ ക്ഷീണിതനാവാതിരിക്കുവാൻ ഇതു ഉപകരിക്കുന്നു.

സ്വീകർത്താവിന്റെ ശരീരത്തിൽ വച്ചുപിടിപ്പിച്ച വൃക്ക മറ്റൊരാളുടേതായതിനാൽ ശരീരം അതിനെതിരെ പ്രവർത്തിച്ചു എന്നുവരാം.

ഈ നിരാകരണം തടയാനും സ്വീകരിച്ച വൃക്കയുടെ പ്രവർത്തനം തടസപ്പെടാതെയിരിക്കാനും രോഗി ഡോക്ടർ നൽകുന്ന മരുന്നുകൾ കഴിക്കണം. ആ കിഡ്നി പ്രവർത്തിക്കുന്നിടത്തോളം കാലം മരുന്നുകൾ തുടരണം.

മരുന്ന് മുടങ്ങിയാൽ ശരീരം മാറ്റിവെച്ച കിഡ്നിയെ ഉപയോഗിക്കാതെ നിരാകരിക്കും.

വൃക്കരോഗങ്ങൾ വരാതെ നോക്കുന്നതാണ് അവ മാറ്റിവെക്കുന്നതിനേക്കാൾ നല്ലത്. വൃക്കകൾ കൂടുതൽ തകരാറിലാകുന്നതിന് മുൻപ് രോഗങ്ങൾ കണ്ടെത്തി കൃത്യസമയത്ത് ചികിത്സ തേടണം.

പ്രമേഹം ഉള്ളവരാണെങ്കിൽ രക്തസമ്മർദ്ദവും രക്തത്തിലെ പഞ്ചസാരയുടെ അളവും നന്നായി നിയന്ത്രിക്കണം. ജീവിതശൈലിയിൽ മാറ്റങ്ങൾ കൊണ്ടുവരണം. സ്ഥിരമായി വ്യായാമവും നല്ല ഡയറ്റും ശീലമാക്കണം.

പുകവലി നിർത്തണം. ശരീരഭാരം നിയന്ത്രിക്കണം. കൃത്യമായ ഇടവേളകളിൽ മെഡിക്കൽ ചെക്കപ്പുകൾ നടത്തുന്നതും വൃക്ക രോഗങ്ങളെ നേരത്തെ കണ്ടെത്തി ചികിൽസിക്കാൻ സഹായിക്കും. സിറം ക്രിയാറ്റിനിൻ, യൂറിൻ റൂട്ടിൻ, രക്തസമ്മർദ്ദം എന്നിവ പരിശോധിക്കുന്നതിലൂടെ വൃക്കരോഗങ്ങൾ നേരത്തെ കണ്ടെത്താൻ കഴിയും.



# പതിനൊന്നാം വാർഷികാഘോഷം വർണാഭമാക്കി ലുലു

**കൊച്ചി:** സംഗീത നിശയടക്കം വിപുലയായ പരിപാടികളുമായി ലുലുവിൻറെ പതിനൊന്നാം വാർഷികാഘോഷം. ഇടപ്പള്ളി ലുലു മാളിലെ സെൻട്രൽ ഏട്രിയത്തിൽ ഒരുക്കിയ ചടങ്ങുകൾ നടൻ ദിലീപ് കേക്ക് മുറിച്ച് ഉദ്ഘാടനം ചെയ്തു. ജോബ് കുര്യൻറെയും സംഘത്തിന്റെയും ബാൻഡ് പ്രകടനത്തോടെ പരിപാടികൾക്ക് തുടക്കമായി. മനോജ് കെ ജയൻ ,മേജർ രവി തുടങ്ങി നിരവധി പ്രമുഖരും വാർഷികാഘോഷചടങ്ങിൽ ഭാഗമായി. വാർഷികാഘോഷചടങ്ങിന്റെ ഭാഗമായി മികച്ച ഓഫർ കൂടി ഒരുക്കിയിരുന്നതിനാൽ ലുലുവിൽ ഷോപ്പിങ്ങും ഉത്സവം ആക്കുകയാണ് ഉപഭോക്താക്കൾ.

ഷോപ്പിങ്ങും ആഘോഷവും ഉത്സവങ്ങളുമെല്ലാമായി ലുലു മലയാളിയുടെ സ്വന്തം കുടുംബം തന്നെയായി മാറികഴിഞ്ഞു. കൊച്ചിയുടെ വാണിജ്യവിലാസം തന്നെ ഇന്ന് ലുലു മാളാണ്. ലോകോത്തര സൗകര്യങ്ങളും സേവനങ്ങളുമായി മലയാളിയുടെ ഷോപ്പിങ്ങിന് ലുലു മാൾ എന്നല്ലാതെ മറ്റൊരു പേരില്ല. ഷോപ്പിങ്ങിനൊപ്പം ഒത്തുകൂടലും കൂടിക്കാഴ്ചകളുമൊക്കെയായി നാടിന്റെ സ്വന്തം ഇടം കൂടിയാണ് ലുലു. ഒരു പതിറ്റാണ്ടിനപ്പുറം ലുലുവിന് ചുറ്റും നഗരം കൂടുതൽ വളർന്നെന്ന കൂട്ടിചേർക്കൽ മാത്രം. ഇന്ത്യൻ റീട്ടെയ്ൽ മേഖലയിലെ നാഴികകല്ല് എന്ന വിശേഷണം ഇന്നും ലുലുവിന് സ്വന്തം.

രാജ്യത്തെ ഏറ്റവും കൂടുതൽ നേട്ടങ്ങളും വ്യാപാര സാന്ദ്രതയും കൈവരിച്ച മാൾ, 250ലധികം ദേശീയഅന്തർദേശീയ ബ്രാൻഡഡ് സ്റ്റോറുകൾ, 200ഓളം ബ്രാൻഡുകൾ കേരളത്തിൽ ആദ്യമായി അവതരിപ്പിച്ച മാൾ, ഷോപ്പിംഗിനൊപ്പം, ഡൈനിങ്, വിനോദ അനുഭവങ്ങൾ എന്നിങ്ങനെ ലുലു മാളിന്റെ വിശേഷങ്ങൾ ഏറെയാണ്. ലോകറെക്കോർഡ് അടക്കം നിരവധി ദേശീയ അന്തർദേശീയ പുരസ്കാരങ്ങളാണ് ലുലു മാളിനെ തേടിയെത്തിയിട്ടുള്ളത്.

കൂടാതെ, വാർഷികാഘോഷങ്ങളുടെ ഭാഗമായി മാളിൽ നിന്ന് 5000ത്തിനു മുകളിൽ ഷോപ്പിംഗ് നടത്തുന്നവർക്ക് 'ഇൻസ്റ്റന്റ് ഗ്രാറ്റിഫിക്കേഷൻ' പ്രോഗ്രാം വഴി സർപ്രൈസ് സമ്മാനങ്ങൾ നേടാനുള്ള അവസരമുണ്ട്. ഇതിന് പുറമേ ജീവനക്കാരുടെ നേതൃത്വത്തിൽ നടത്തുന്ന പ്രത്യേക പരിപാടികളും നടക്കുന്നുണ്ട്.കൊച്ചിക്ക് പുറമേ ബാംഗ്ലൂർ, തിരുവനന്തപുരം, ലഖ്നൗ, ഹൈദരാബാദ്, പാലക്കാട്,തൃപ്രയാർ എന്നിവിടങ്ങളിലായി 6 ഷോപ്പിംഗ് മാളുകൾ കൂടി തുറന്ന് ലുലു ഗ്രൂപ്പ് ഇപ്പോൾ ഇന്ത്യയിൽ അതിവേഗം വികസിച്ചുകൊണ്ടിരിക്കുകയാണ്. 2024ൽ കൊഴിക്കോടിലും കൊട്ടയത്തുമായി രണ്ട് മാളുകൾ കൂടി ഉടൻ തുറക്കും.

# സൂപ്പർ ഫൈവ്സിൽ മുംബൈ മിറ്റിയോഴ്സിന് നിർണായക ജയം



**ചെന്നൈ:** റുപേ പ്രൈം വോളിബോൾ ലീഗ് പവേർഡ് ബൈ എ23 സൂപ്പർ 5ൽ മുംബൈ മിറ്റിയോഴ്സിന് നിർണായക ജയം. ചെന്നൈ ജവഹർലാൽ നെഹ്റു ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന ആവേശകരമായ അഞ്ച് സെറ്റ് പോരാട്ടത്തിൽ നിലവിലെ ചാമ്പ്യൻമാരായ അഹമ്മദബാദ് ഡിഫൻഡേഴ്സിനെ തോൽപ്പിച്ചു.സ്കോർ: 15 8, 13 15, 7 15, 16 14, 15,13. അമിത് ഗുലിയ ആണ് കളിയിലെ താരം. അഹമ്മദാബാദിന്റെ തുടർച്ചയായ രണ്ടാം തോൽവിയാണിത്. ഇന്ന് (വെള്ളി) നടക്കുന്ന നിർണായക കളിയിൽ ഡൽഹി തൂഫാൻസാണ് അഹമ്മദാബാദിന്റെ എതിരാളി. വൈകിട്ട് 6.30നാണ് കളി.

# ബദാം പേശികളുടെ പ്രവർത്തനം മെച്ചപ്പെടുത്തും

**കൊച്ചി:** ബദാം കഴിക്കുന്നത് പേശികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും വ്യായാമത്തിന് ശേഷമുള്ള വീണ്ടെടുക്കലിന് സഹായിക്കുകയും ചെയ്യുമെന്ന് ആൽമണ്ട് ബോർഡ് ഓഫ് കാലിഫോർണിയയുടെ ധനസഹായത്തോടെ അടുത്തിടെ നടത്തിയ ഒരു പഠനം സൂചിപ്പിക്കുന്നതായി ന്യൂട്രീഷൻ ആൻഡ് വെൽനസ് കൺസൾട്ടന്റ് ഷീല കൃഷ്ണസ്വാമി. പതിവായി വർക്ക് ഔട്ട് ചെയ്യുന്നവർക്ക് പ്രോട്ടീൻ, കോംപ്ലക്സ് കാർബോഹൈഡ്രേറ്റ്, ആരോഗ്യകരമായ കൊഴുപ്പ് എന്നിവയുടെ മതിയായ അളവ് ഉറപ്പാക്കേണ്ടതും പ്രധാനമാണ്. ഇത്തരത്തിൽ ഏറ്റവും ഉപയോഗപ്രദമായ ഭക്ഷണങ്ങളിൽ ഒന്നാണ് ബദാം. പ്രോട്ടീൻ, ആരോഗ്യകരമായ കൊഴുപ്പുകൾ, ആന്റിഓക്സിഡന്റ് വിറ്റാമിൻ ഇ എന്നിവയുടെ മികച്ച ഉറവിടമാണ് ബദാം. ഇവയെല്ലാം ആരോഗ്യത്തെ പിന്തുണയ്ക്കുകയും പേശികളുടെ വീണ്ടെടുക്കലിന് സഹായിക്കുകയും ചെയ്യുമെന്നും അവർ പറഞ്ഞു.

# ചാർട്ടേഡ് അക്കൗണ്ടന്റ് നിയമനം

**കൊച്ചി:** എറണാകുളം ജില്ലയിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഗ്രാമ, ബ്ലോക്ക്, ജില്ലാ ഓഫീസുകളുടെ 202324 സാമ്പത്തിക വർഷത്തെ വാർഷിക വരവ് ചെലവ് കണക്കുകൾ, എം.ഐ.എസ് (മാനേജ്മന്റ് ഇൻഫർമേഷൻ സിസ്റ്റം) പ്രകാരവുമുള്ള വരവ് ചെലവ് കണക്കുകൾ എന്നിവ ഓഡിറ്റ് നടത്തുന്നതിനായി നിയമാനുസൃത യോഗ്യതയും പരിചയവും ഉള്ള ചാർട്ടേഡ് അക്കൗണ്ടന്റുമാരിൽ നിന്നും അപേക്ഷ ക്ഷണിച്ചു.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഓഡിറ്റ് ചെയ്ത് പരിചയമുള്ളവർക്ക് മുൻഗണന. അപേക്ഷകൾ നേരിട്ടോ തപാൽ മുഖാന്തരമോ ജോയിന്റ് പ്രോഗ്രാം കോഓഡിനേറ്റർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, സിവിൽ സ്റ്റേഷൻ, മൂന്നാംനില, കാക്കനാട്, എറണാകുളം682030 എന്ന വിലാസത്തിൽ നൽകേണ്ടതാണ്. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി മാർച്ച് 23. ഫോൺ നമ്പർ 04842421355.

